**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കീമോതെറാപ്പി, റേഡിയേഷൻ എന്നീ ചികിത്സകൾക്ക് വിധേയരാകുന്ന കെ.എസ്.ആർ ബാധകമാക്കിയിട്ടുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ സ്പെഷ്യൽ കാഷ്വൽ ലീവ് 45 ദിവസത്തിൽ നിന്നും 6 മാസമാക്കി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.യു.സി) വകുപ്പ്**

സ.ഉ(പി) നം. 211/2014/ധന — തീയതി, തിരുവനന്തപുരം, 2014 ജൂൺ 6

---

പരാമർശം: 1. സ.ഉ.(പി)നം. 447/2013/ധന തീയതി 09/09/2013

2. കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 07/02/14 ലെ എ 2/ജനറൽ/ജി.ഒ/2013 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം, കീമോതെറാപ്പി, റേഡിയേഷൻ, എന്നീ ചികിത്സകൾക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാരുടെ സ്പെഷ്യൽ കാഷ്വൽ ലീവ്, പാർട്ട് I കെ.എസ്.ആറിലെ അപ്പെൻഡിക്സ് VII ലെ ചട്ടം 19 ലെ വ്യവസ്ഥകൾക്ക് വിധേയമായി ആറ് മാസമാക്കി ഉയർത്തിയിരുന്നു.

സൂചന(2)ലെ കത്ത് സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കെ.എസ്.ആർ ബാധകമാക്കിയിട്ടുള്ള എല്ലാ പൊതുമേഖല സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് ബാധകമാക്കി, ലീവ് അനുവദിക്കുന്ന കാലയളവിൽ ടി തസ്തികയിലേയ്ക്ക് പകരം നിയമനം നടത്താൻ പാടില്ല എന്നും പ്രസ്തുത ജോലി പുനഃ ക്രമീകരണം വഴി ചെയ്യാവുന്നതാണെന്നുമുള്ള വ്യവസ്ഥയ്ക്ക് വിധേയമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**പി.എ.ഷൈല**

**ധനകാര്യ ജോയിന്റ് സെക്രട്ടറി**

പകർപ്പ്-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എം.& ഇ / ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
3. പ്ലാനിംഗ് & എക്കണോമിക്സ് അഫയേഴ്സ് (BPE) വകുപ്പ്
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചീഫ് എക്സിക്യൂട്ടീവ്സ്
5. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ / അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ
6. ഗവർണ്ണറുടെ സെക്രട്ടറി
7. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
8. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
9. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം
10. നോഡൽ ഓഫീസർ www.finance.kerala.gov.in
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ